ഇ.എം.(1) 11208/14

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി :.24.3.2014
E-mail - keralarcscoop@.kerala.gov.in
Websit - www.cooperation.kerala.gov.in
Tel. No. - 0471 – 2330726.
Fax - 0471-2331513

## സർക്കുലർ നമ്പർ: 11 /2014

വിഷയം- സഹകരണ സംഘം ജീവനക്കാർ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം (GPAIS), സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (SLI), ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (GIS), എന്നിവയിൽ അംഗങ്ങളാകുന്നത്- സംബന്ധിച്ച്.

സൂചന- 1) സർക്കാരിന്റെ 23.11.2010 ലെ ജി.ഒ (പി) നം.616/10/ഫിൻ. നമ്പർ ഉത്തരവ്.

2). സർക്കാരിന്റെ 13/11/2013 ലെ ജി.ഒ (പി) നം.555/2013/ഫിൻ നമ്പർ ഉത്തരവ്.

3). സർക്കാരിന്റെ 19/10/2013 ലെ 79/എസ്റ്റ./ ഡി 2/13//ഫിൻ. നമ്പർ ഉത്തരവ്.

4). കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിന്റെ 25.02.2014 ലെ Ins.DV3.6347/2009 -ാം നമ്പർ കത്ത്.

സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പ്രാബല്യത്തിലുള്ളതും വളരെ കൂടുതൽ ഗുണകരവുമായ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീമിൽ (GPAIS) സഹകരണ സംഘം ജീവനക്കാരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നതും ആയത് പ്രകാരം സംസ്ഥാനത്തെ ഭൂരിപക്ഷം സഹകരണ സംഘങ്ങളിലെയും ജീവനക്കാർ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളായി പോളിസി തുക അടച്ചിരുന്നതുമാണ്. എന്നാൽ പല സംഘങ്ങളും തുടർന്നുള്ള വർഷങ്ങളിൽ ടി പോളിസി പുതുക്കി അംഗത്വമെടുക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ 01.01.2014 മുതൽ 31.12.2014 വരെ പ്രാബല്യമുള്ള പ്രസ്തുത സ്കീമിന്റെ വാർഷിക പോളിസി തുക 300/-രൂപയും ആയതിന്റെ വാഗ്ദത്ത തുക 10 ലക്ഷവുമാക്കിക്കൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളായിട്ടുള്ളതും അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നതുമായ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ നിർബന്ധമായും സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (SLI), ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (GIS) പോളിസികൾ എടുക്കുന്നതിനായി, സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുവാൻ സൂചന (3) സർക്കുലർ പ്രകാരവും സൂചന (4) കത്തു പ്രകാരവും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. . മേൽ സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ നൽകുന്നു.

1) ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീമിൽ (GPAIS) അംഗങ്ങളായ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പ്രതിവർഷങ്ങളിലെ നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും ടി സ്കീമിന്റെ പ്രീമിയം തുക ഈടാക്കി, അംഗങ്ങളായ ജീവനക്കാരുടെ പേരും ഉദ്യോഗപേരും ഉൾപ്പെടുന്ന ഫോറം II –ന്റെ മൂന്ന് പകർപ്പുകൾ തയ്യാറാക്കിയത് സഹിതം ബന്ധപ്പെട്ട സഹകരണസ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ്മാർ സർക്കാർ ട്രെഷറിയിൽ "**8658**-സസ്പെൻസ് അക്കൗണ്ട്സ്, **102**-സസ്പെൻസ് അക്കൗണ്ട്സ് (സിവിൽ), **88**- ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട് " എന്ന ശീർഷകത്തിൽ സമയബന്ധിതമായി അടവാക്കേണ്ടതാണ്.

പുതുതായി സേവനത്തിൽ പ്രവേശിച്ച ജീവനക്കാരും നാളിതുവരെ അംഗത്വമെടുക്കാതിരുന്ന മറ്റ് ജീവനക്കാർക്കും നിലവിൽ 01.01.2014 മുതൽ 31.12.2014 വരെ പ്രാബല്യമുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീമിൽ (GPAIS) 300/- രൂപാ വാർഷിക പ്രീമിയം അടച്ച് മേലിൽ അംഗങ്ങളാകാവുന്നതാണ്.

2) നിലവിൽ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീമിൽ (GPAIS) അംഗങ്ങളായിട്ടുള്ളതും, അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നതുമായ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (SLI), ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (GIS) പോളിസികൾ നിർബന്ധമായും എടുക്കേണ്ടതാണ്. കേരള സ്റ്റേറ്റ് ഇൻഷ്വറൻസിന് ഏജൻസി കമ്മീഷൻ ഇനത്തിലോ പരസ്യ ഇനത്തിലോ ചെലവുകൾ ഉണ്ടാകുന്നില്ല എന്നതു കൊണ്ടു തന്നെ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് വിഭാവനം ചെയ്യുന്ന എൻഡോവ്മെന്റ് പോളിസികൾ നിലവിലുള്ള മറ്റ് ഇൻഷ്വറൻസ് സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുള്ള എൻഡോവ്മെന്റ് പോളിസികളെക്കാൾ അംഗങ്ങൾക്ക് വളരെ കൂടുതൽ ആദായകരമാണ് SLI, GIS എന്നിവയിൽ അടവാക്കുന്ന പ്രീമിയം തുകകൾ ഇൻകം ടാക്സ് ആക്ട് 80 (c) പ്രകാരമുള്ള ആദായനികുതി ഇളവ് ലഭിക്കുന്നതിന് ജീവനക്കാർക്ക് അർഹതയുള്ളതും SLI പോളിസിയുടെ സറണ്ടർ മൂല്യത്തിന്റെ 80% വരെ വായ്പ എടുക്കുന്നതിന് അംഗങ്ങൾക്ക് അവസരമുള്ളതുമാണ്.

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം (GPAIS), സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (SLI), ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (GIS) എന്നിവയുടെ വിശദവിവരങ്ങൾ ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിന്റെ **www.insurance.kerala.gov.in** എന്ന വെബ്സൈറ്റിലും സഹകരണ സംഘം രജിസ്ട്രാറുടെ വെബ് സൈറ്റിലും ലഭ്യമാണ്. സംശയ നിവാരണത്തിനായി കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിന്റെ '**04712330096**' എന്ന ടെലിഫോൺ നമ്പറിലും ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-
കെ.ഗോപാലകൃഷ്ണ ഭട്ട്. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്കും
5. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
6. എല്ലാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും/സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന).
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (ജോയിന്റ് ഡയറക്ടർ മുഖേന)
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും
10. വെബ്സൈറ്റ്
11. എഡിറ്റർ, സഹകരണവീഥി & സഹകരണ ജേർണൽ
12. സ്റ്റോക്ക് ഫയൽ
13. സ്പെയർ